**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **08-12-2022 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം, കയ്യേറ്റക്കാരന്റെ പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ? | (എ) | ജില്ലയിലെ പുറമ്പോക്ക് ഭൂമികളുടെ പട്ടിക വില്ലേജ് ഓഫീസിൽ സൂക്ഷിച്ചു വരുന്നുണ്ട്. പുറമ്പോക്ക് ഭൂമിയിലെ അനധികൃത കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുകയും ഭൂമിയുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, കൈയ്യേറ്റക്കാരന്റെ പേരും വിലാസവും വില്ലേജ് ഓഫീസിലെ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതുമാണ്. അതിന്റെ ജില്ലയിലെ ഒട്ടാകെയുള്ള വിവരശേഖരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ